പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 119

21.03.2013-ൽ മറുപടി നൽകേണ്ടത്

## ഭൂമിദാനം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഷാഫി പറമ്പിൽ<br>,, റ്റി.എൻ. പ്രതാപൻ<br>,, ഐ.സി. ബാലകൃഷ്ണൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)ഭൂമിദാനം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കമോ; | (എ) 2015-ാം വർഷത്തോടുകൂടി കേരളത്തിനെ ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കാണ് Zero landless (Citizens) Kerala – 2015 എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം അർഹരായി കണ്ടെത്തിയ ഓരോ ഭൂരഹിത കുടുംബത്തിനും 3 സെന്റ് ഭൂമി വീതം പതിച്ച നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി)ഈ പദ്ധതി നടപ്പാക്കുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഈ പദ്ധതി 2015-ാം മാണ്ടോടു കൂടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. വിവിധ ഇനത്തിലുള്ള സർക്കാർ ഭൂമികളിൽ വീട് വയ്ക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടുപിടിച്ച് ഭൂരഹിത കുടുംബങ്ങൾക്ക് 3 സെന്റ് വീതം നൽകുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ നടന്നുവരുന്നു. കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ സർവ്വേ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. വിശദമായ പരിശോധനയും സർവ്വേ പ്രവർത്തനങ്ങളും പൂർത്തിയായാൽ മാത്രമേ പദ്ധതിക്ക് നിലവിൽ ലഭ്യമായ ഭൂമിയുടെ കൃത്യമായ വിവരം വ്യക്തമാകുകയുള്ളൂ. |

(സി)പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്;

(സി) "ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും മേൽനോട്ടം വഹിക്കുന്നതിനുമായി ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണർ ശ്രീ. രതീശൻ, ഐ.എ.എസ്-നെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. ഭൂമിയുടെ സർവ്വേ ജോലികളുടെ ചുമതല സർവ്വേ ഡയറക്ടറെ ഏൽപ്പിച്ചു. സംസ്ഥാനതലത്തിൽ സ്പെഷ്യൽ സെൽ രൂപീകരിച്ചു. ജില്ലാതലത്തിൽ, ഡെപ്യൂട്ടി കളക്ടറെ നോഡൽ ഓഫീസറായി ജില്ലാതല സെല്ലും, തഹസീൽദാർ തലവനായ താലൂക്ക്തല സെല്ലും രൂപീകരിച്ചു. 3 സെന്റ് പ്ലോട്ട് തിരിക്കുന്നതിന്റെ അവലോകനം സർവ്വേ ഡയറക്ടർ നടത്തിവരുന്നു. സംസ്ഥാനതല സ്പെഷ്യൽ സെല്ലിലെ ജീവനക്കാർ ഫീൽഡ് വിസിറ്റ് നടത്തിയും അവലോകനം നടത്തുന്നു. ഈ ജോലികളുടെയെല്ലാം മോണിറ്ററിംഗ് റവന്യൂ സെക്രട്ടറി തലത്തിലും നടത്തുന്നു.

(ഡി)ഈ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നത് എങ്ങനെയാണ്; വിശദമാക്കുമോ;

(ഡി) കേരള സംസ്ഥാനത്ത് ജനിച്ച് സ്ഥിരതാമസമാക്കിയിട്ടുള്ളതും, സംസ്ഥാനത്തിനകത്തോ പുറത്തോ സ്വന്തമായി അപേക്ഷകനുൾപ്പെടുന്ന കുടുംബങ്ങൾക്ക് ഭൂമിയില്ലാത്തതും, പാരമ്പര്യമായി ഭാവിയിൽ ഭൂമി ലഭിക്കുവാൻ സാധ്യതയില്ലാത്തതും, 75,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവരുമായ ഭൂരഹിതകുടുംബങ്ങളെ കണ്ടെത്തുന്നതിന്, വില്ലേജാഫീസർ, തഹസീൽദാർ തലത്തിൽ

നടത്തിയ അന്വേഷണത്തിൽ അർഹരായവരെന്ന് കണ്ടെത്തിയവർക്കാണ് 3 സെന്റ് വീതം ഭൂമി നൽകുന്നത്.

(ഇ)കാൻസർ രോഗികൾ, വികലാംഗർ, വിധവകൾ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ?

(ഇ) വിശദമായി പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ